മെയ് 2026 |വാല്യം 18 | ലക്കം 5

# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ



നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)
(For Private Circulation only)

# പ്രഥമ ദിവ്യകാരുണ്യ സ്വീകരണം

18.04.2026



## ഏബൽ എബി

മെതിപ്പാറയിൽ

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE

ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org
nirmalamathachurch@gmail.com





മെയ് 2026 വാല്യം – 18, ലക്കം – 5



## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**
Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 0485 2962595
email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുഞ്ചാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി. വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



**നിർമ്മലാംബികേ**
**ഞങ്ങൾക്കുവേണ്ടി**
**അപേക്ഷിക്കണമേ**

*പേജുകളിലൂടെ...*


**3** വികാരിയച്ചന്റെ സന്ദേശം

**6** ഊട്ടു മേശകളിലെ ഉത്ഥാനാനുഭവം

**10** വിശുദ്ധരുടെ പാതയിലൂടെ

**11** ബൈബിൾ ക്വിസ്

**13** വാർഡ് വാർത്തകൾ

**17** ദേവാലയ വായനകൾ

**18** വിശുദ്ധ ഗ്രന്ഥ വായനകൾ


കവർ പേജ് :

## വി. ഫാ. ഡാമിയൻ

## ഇടവകദിനം

**2026 മെയ് 26 ഞായർ**

6.30 AM വി. കുർബ്ബാന

4.30 pm വി. കുർബ്ബാന

6.00 pm പൊതുസമ്മേളനം (കോളേജ് ഓഡിറ്റോറിയം)


**ബുള്ളറ്റിൽ പരസ്യം പുതിയനിരക്ക്**


കവർ Back full Rs. 1200/- Half Rs. 600/-

കവർ inner full Rs. 1000/- Half Rs. 500/-

Black & White full Rs. 800/- Half Rs. 400/-

# വികാരിയച്ചന്റെ സന്ദേശം

***ഈശോ, വഴിയും സത്യവും ജീവനും***



ഉത്ഥിതനായ ഈശോ തന്റെ സ്വർഗ്ഗാ രോഹണത്തിനു മുമ്പ് ശിഷ്യന്മാർക്ക് പലപ്പോഴായി പ്രത്യക്ഷപ്പെട്ട് അവരെ ശക്തിപ്പെടുത്തി; ആഗോള സുവിശേഷവൽക്കരണം എന്ന വലിയ ദൗത്യത്തിന് ഉപദേശങ്ങളും വാഗ്ദാനങ്ങളും ആശ്വാസവചനങ്ങളും വഴി ഒരുക്കിയതിന്റെ ഓർമ്മ ആചരിക്കുന്ന കാലമാണ് ഉയിർപ്പുകാലം. യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ ഈശോ തന്റെ വിട വാങ്ങൽ പ്രഭാഷണത്തിലൂടെ അസ്വസ്ഥരായ ശിഷ്യഗണത്തെ ധൈര്യപ്പെടുത്തി സമാശ്വസിപ്പക്കുകയാണ്. പിതാവിന്റെ പക്കലേക്കുള്ള ഈശോയുടെ യാത്ര സമാഗതമായിരിക്കുന്നു എന്ന സത്യം ലോകത്തിൽ തനിയെ ആയിരിക്കേണ്ട ശിഷ്യന്മാരിൽ ഭയവും അസ്വസ്ഥതയും ഉണ്ടാക്കി. എന്നാൽ അതിനെ അതിജീവിക്കുക പിതാവിലും ഈശോയിലൂടെയുള്ള വിശ്വാസത്തിലൂടെ യാണെന്നും തന്റെ വേർപാട് താൽക്കാലികമാണെന്നും അതിനുശേഷം നിത്യമായ സഹവാസം ആരംഭിക്കും എന്ന ഉറപ്പ് ശിഷ്യന്മാർക്ക് അസ്വസ്ഥരാകു ന്നതിൽ നിന്നും മോചനം നൽകുന്നു. അന്ത്യ പ്രഭാഷണങ്ങൾ എപ്പോഴും ഭൂത വർത്തമാനഭാവികാലങ്ങളെ സമന്വയിപ്പിക്കുന്നതായി കാണാം.

വി.ഗ്രന്ഥത്തിൽ മൂവായിരത്തിലധികം പ്രാവശ്യം ആവർത്തിക്കുന്ന ദൈവത്തിന്റെ സാന്ത്വന വചനമാണ് അസ്വസ്ഥമാകേണ്ട, ഭയപ്പെടേണ്ട എന്നിവ. എന്നിട്ടും നാം സ്വസ്ഥരാകുന്നില്ല. ഭൂതകാലം നമ്മിൽ ഏൽപ്പിച്ച മുറിവുകളിൽ ചിലർ കുടുങ്ങിക്കഴിയുന്നു. മറ്റു ചിലരാകട്ടെ നാളെ എന്താകും എന്നോർത്ത് വ്യാകുലപ്പെടുന്നു. ഇതിനിടയിൽ ഇന്നിൽ ജീവിക്കാൻ നാം മറന്നു പോകുന്നു. ഇന്നലെകളിൽ നമ്മിൽ വന്നു ചേർന്ന നിഷേധാത്മക കാര്യങ്ങൾക്കു മേൽ ഒന്നും ചെയ്യാൻ കഴിയാത്തവരാണ് നാം. നാളെകൾ നമ്മുടെ കൈപ്പിടിയിലില്ല താനും. അതുകൊണ്ട് വർത്തമാനകാലത്തെ അനുഗൃഹീതമാക്കുക.

യേശുവിന്റെ വിടപറയൽ എന്നേക്കുമുള്ള ഒരു വേർപാടല്ല. ഇത് താൽക്കാലികമായ ഒരു മാറിനിൽക്കൽ മാത്രമാണ്. യേശു പോകുന്നത് കല്ലറയുടെ ശൂന്യതയിലേക്കല്ല പിതാവിന്റെ ഹൃദയത്തിലേക്കാണ്. അവിടെ ശിഷ്യർക്ക് സ്ഥലം ഒരുക്കിയതിനുശേഷം തിരിച്ചു വന്ന് അവരെയും കൂട്ടിക്കൊണ്ടുപോകും. അങ്ങനെ അവർ പിതാവിന്റെ ഹൃദയമാകുന്ന വാസസ്ഥലത്ത് എന്നേക്കും യേശുവിനോടു കൂടെ വസിക്കും. ഇതാണ് വാഗ്ദാനം. ഇത് ശിഷ്യർ വിശ്വസിക്കണം. ആ വിശ്വാസമായിരിക്കാം അവർക്ക് ശക്തിയുടെയും സന്തോഷത്തിന്റെയും പ്രത്യാശയുടെയും ഉറവിടം.

തികച്ചും സ്വാഭാവികവും യുക്തിസഹവുമാണ് തോമസിന്റെ ചോദ്യം. ലക്ഷ്യം അറിയാതെ വഴി എങ്ങനെ അറിയും. ഈ ചോദ്യം യേശുവിന്റെ വ്യക്തിത്വ ത്തെക്കുറിച്ച് ആഴമേറിയ വെളിപ്പെടുത്തലിന് വഴിയൊരുക്കുന്നു. "ഞാനാണ് വഴിയും സത്യവും ജീവനും" എന്ന് ഈശോ പ്രസ്താവിക്കുന്നു എന്നിലൂടെയാണ് പിതാവിന്റെ പക്കലേക്കു പോകാൻ കഴിയുക.

പീലിപ്പോസ് പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരണമെ എന്ന് അഭ്യർത്ഥിക്കുന്നു. അതിന് മറുപടിയായി യേശുവും പിതാവും തമ്മിലുള്ള ഐക്യവും വ്യതിരിക്തതയും എടുത്തു കാട്ടുന്നു. യേശു പിതാവിലും പിതാവ് യേശുവിലും വസിക്കുന്നു. യേശുവിലൂടെയാണ് പിതാവ് സ്വയം വെളിപ്പെടുത്തുന്നത്. ആ വെളിപാട് സ്വീകരിക്കാൻ യേശുവിൽ വിശ്വസിക്കണം.

യേശു ചെയ്ത പ്രവൃത്തികൾ ശിഷ്യന്മാർ തുടർന്ന് ചെയ്യണം. അത് പിതാവിന്റെ അനന്തമായ ശക്തിയുടെയും സ്നേഹത്തിന്റെയും പ്രത്യക്ഷമായ അടയാളങ്ങളായിരിക്കും. അങ്ങനെ അവർ ദൈവത്തെ മഹത്വപ്പെടുത്തും. അഥവാ ദൈവം ആരാണെന്ന് അനേകർ അറിയും. യേശു ചെയ്തതിനേക്കാൾ വലിയവ ശിഷ്യർ ചെയ്യും എന്ന വാഗ്ദാനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. യേശുവിന്റെ മരണവും ഉത്ഥാനവും വഴിയാണ് മനുഷ്യവർഗത്തിന് പാപമോചനവും ദൈവിക ജീവനും ലഭ്യമായത്. അതിനാൽ ശിഷ്യർവഴി ജനത്തിന് ലഭിക്കുന്നത് ശാരീരിക സൗഖ്യം മാത്രമല്ല. ദൈവിക ജീവനിലുള്ള ഭാഗഭാഗിത്വമാണ്. ദൈവ മക്കളുടെ സ്ഥാനമാണ്.

ഇപ്രകാരം യേശുവിന്റെ സാക്ഷികളാകാൻ ആവശ്യമായതെല്ലാം യേശു തന്നെ തരും. യേശുവിന്റെ നാമത്തിൽ പിതാവിനോട് ചോദിക്കണം. യേശുവിനോടും ചോദിക്കാം ഉത്തരം ലഭിക്കും. പിതാവ് പുത്രനിലൂടെ ഉത്തരം നൽകും. അതിനാൽ ശിഷ്യന്മാർ ഭയപ്പെടേണ്ട. ഉത്കണ്ഠയും ആകുലതയും വേണ്ട. അവർ തനിച്ചല്ല. യേശു അവരിൽ നിന്ന് അകന്നു പോവുകയില്ല. മരണംവഴി മഹത്വത്തിലേക്ക് പ്രവേശിച്ചവൻ എന്നും കൂടെ ഉണ്ടായിരിക്കും. സ്ഥലകാലങ്ങൾക്കതീതമായി അവിടുത്തെ സാന്നിധ്യം ശിഷ്യർക്ക് അനുഭവിക്കാൻ കഴിയും.

പീലിപ്പോസിനോട് ക്രിസ്തു ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. "ഇക്കാലമത്രയും ഞാൻ നിങ്ങളോടു കൂടെ ആയിരുന്നിട്ടും പീലിപ്പോസെ നീ എന്നെ അറിയുന്നില്ലേ" (യോഹ : 14:9) വർഷങ്ങൾ കൂടെ നടന്നിട്ടും വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ തിരിച്ചറിയാനോ അവന്റെ വാക്കുകളുടെ പൊരുൾ ഗ്രഹിക്കാനോ ശിഷ്യർക്കാകുന്നില്ല. അവന്റെ മരണശേഷം എമ്മാവൂസിലേക്ക് പോകുന്ന ശിഷ്യന്മാരും പ്രതീക്ഷ നഷ്ടപ്പെട്ട് കുലത്തൊഴിലിലേക്ക് മടങ്ങുന്ന ശിഷ്യപ്രമുഖൻ പത്രോസും വ്യത്യസ്തരല്ല. കൂടെ നടന്നവനെ, അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോറ്റിയവനെ, രോഗികളെ സുഖപ്പെടുത്തിയവനെ, മരിച്ചവരെ ഉയിർപ്പിച്ചവനെ തിരിച്ചറിയാൻ ശിഷ്യസമൂഹത്തിനാകുന്നില്ല.

ഭൗതികമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ചിലർ ചോദിക്കാറുണ്ട്. എന്തിനാണ് പ്രാർത്ഥിക്കുന്നതും പള്ളിയിൽ പോകുന്നതും എന്ന്. "നന്മ ചെയ്താൽ പോരെ, പാവപ്പെട്ടവരെ സഹായിച്ചാൽ മതിയല്ലോ." ഇതൊക്കെത്തന്നെയല്ലേ പള്ളിയിലും പറയുന്നതും. സമകാലിക ജ്ഞാനവാദത്തിന്റെ ഒരവസ്ഥയാണിത്. ഇത്തരം ചിന്താഗതികൾ ഈ കാലഘട്ടത്തിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. നന്മ ചെയ്താൽ മാത്രം മതിയെന്നും പ്രാർത്ഥന വേണ്ടായെന്നും വാദിക്കുന്നു ഒരു സമൂഹം. ദൈവ നിഷേധികളുടെ സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നതെന്ന സത്യം മനസ്സിലാക്കാം. ക്രിസ്തു പറയുന്നുണ്ടല്ലോ വഴിയും സത്യവും ജീവനും ഞാനാകുന്നുവെന്നും എന്നിൽ കൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്കു എത്തുകയില്ലെന്നും. അവന്റെ വാക്കുകളിൽ വ്യക്തതയുണ്ട്. മനുഷ്യൻ ഭൂമിയിൽ മാത്രം തന്റെ ജീവിതം ജീവിച്ച് തീർക്കേണ്ടവനല്ലെന്നും സ്വർഗ്ഗം ലക്ഷ്യമാക്കി യാത്ര ചെയ്യേണ്ടവനാണെന്നും ഈ യാത്ര

പൂർണ്ണമാകണമെങ്കിൽ ഭൂമിയിൽ വച്ചു തന്നെ അവൻ ദൈവവുമായി ഐക്യപ്പെടേണ്ടവനാണെന്നും ക്രിസ്തു ഓർമ്മിപ്പിക്കുന്നു.

വർഷങ്ങൾ ഈ ഭൂമിയിൽ ജീവിച്ചിട്ടും ക്രിസ്തുവിനെ തിരിച്ചറിയാൻ സാധിച്ചില്ലെങ്കിൽ, വി.ബലിയിൽ അവന്റെ സാന്നിധ്യം കാണാൻ പറ്റിയില്ലെങ്കിൽ, വി.ഗ്രന്ഥത്തിലെ ജീവൻ തുടിക്കുന്ന അവന്റെ വാക്കുകളുടെ അർത്ഥം ഗ്രഹിക്കാൻ സാധിക്കുന്നില്ലെങ്കിൽ, അതനുസരിച്ച് ജീവിക്കാനായില്ലെങ്കിൽ പീലിപ്പോസിനോട് ക്രിസ്തു ചോദിച്ച ചോദ്യം നമ്മളോടും ആവർത്തിക്കും. "ഇക്കാലമത്രയും കൂടെ നടന്നിട്ടും നീ എന്നെ അറിയുന്നില്ലേ"?

സ്നേഹപൂർവ്വം
വികാരിയച്ചൻ
**ഫാ. ജോർജ്ജ് വടക്കേൽ**

# കമ്മ്യൂണിറ്റി എംപവർമെന്റ് പ്രോഗ്രാം (CEP)
## നിർമ്മലമാതാ യൂണീറ്റ്

നിർമ്മലമാതാ ഇടവകയിൽ കമ്മ്യൂണിറ്റി എംപവർമെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സ്വയം സഹായ സംഘത്തിന്റെ (SHG) പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു. കോതമംഗലം രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിയോട് അഫിലിയേറ്റ് ചെയ്താണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്. ഇടവക സമൂഹത്തിന് സഹായകരമായ ലഘു നിക്ഷേപ പദ്ധതികളെക്കുറിച്ചും സാമൂഹിക ക്ഷേമപദ്ധതികളെക്കുറിച്ചും അറിവ് നൽകുന്നതിന് സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും CEP യുടെ നേതൃത്വത്തിൽ നമ്മുടെ ഇടവകയിൽ നടത്തി വരുന്നു. സ്വയം സഹായ സംഘത്തിലെ അംഗങ്ങളിൽ നിന്നും മറ്റ് ഇടവകാംഗങ്ങളിൽ നിന്നുള്ള സഹായവും സ്വീകരിച്ച് ചികിത്സാ സഹായങ്ങളും; കൂടാതെ കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹകരണത്തോടെ അർഹതപ്പെട്ടവർക്ക് വീട് പണിപൂർത്തിയാക്കുന്നതിനും വീട് അറ്റകുറ്റ പണികൾക്കുമുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു. 2026 മാർച്ച് 31 ന് പ്രോഗ്രാമുകളുടെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ ഇടവകയിലെ 40 ശതമാനം കുടുംബങ്ങളിൽ നിന്നുള്ള അംഗങ്ങൾ മാത്രമാണ് സഹായസംഘത്തിൽ അംഗമായി ചേർന്ന് ലഘു നിക്ഷേപപദ്ധതിയിലൂടെ സാമ്പദ്യശീലം വർദ്ധിപ്പിക്കുവാൻ തയ്യാറായിട്ടുള്ളത്. 2026 ഏപ്രിൽ മാസം മുതലാരംഭിക്കുന്ന രണ്ടാം ഘട്ടത്തിൽ ഇടവകയിലെ എല്ലാ കുടുംബത്തിൽ നിന്നും ഒരാളെങ്കിലും ലഘുനിക്ഷേപ പദ്ധതിയിൽ ചേർന്ന് സംഘത്തിന്റെ പ്രവർത്തനങ്ങളോട് പൂർണ്ണമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നാളിതുവരെ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ബഹു.വികാരിയച്ചന്റേയും സിസ്റ്റേഴ്സിന്റെയും ഇടവക ജനത്തിന്റെയും ഭാഗത്തുനിന്നു ലഭിക്കുന്ന നിർലോഭമായ പ്രോത്സാഹനത്തിനും സഹകരണത്തിനും നന്ദി അറിയിക്കുന്നു. തുടർന്നും എല്ലാവിധ സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു.

സെക്രട്ടറി
കമ്മ്യൂണിറ്റി എംപർമെന്റ് പ്രോഗ്രാം
നിർമ്മലമാത യൂണിറ്റ്

# ഊട്ടുമേശകളിലെ ഉത്ഥാനാനുഭവം

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

മനുഷ്യജീവിതത്തിലെ ഏറ്റവും സ്വാഭാവികമായ കർമമാണ് ആഹാരം കഴിക്കുക എന്നത്. മൂന്നുനേരമെങ്കിലും ഭക്ഷണം കഴിക്കുന്നവരാണ് നമ്മൾ. പ്രാതലും ഉച്ചയൂണും അത്താഴവും നമ്മുടെ ജീവിത ക്രമത്തിന്റെ തന്നെ ഭാഗമാണ്. കാരണം ശാരീരികമായി നമുക്ക് പ്രവർത്തിക്കണമെങ്കിൽ അതിനാവശ്യമായ പോഷകങ്ങൾ ഭക്ഷണത്തിലൂടെ ശരീരത്തിന് കിട്ടിയേ തീരൂ. എന്നാൽ വിശപ്പുകൊണ്ട് മാത്രമല്ല ചിലപ്പോൾ സന്തോഷത്തിനു വേണ്ടിയും ആളുകൾ ആഹാരം കഴിക്കാറുണ്ട്. കുടുംബമായി ഒത്തുചേരുമ്പോഴും സുഹൃത്തുക്കൾ തമ്മിൽ കണ്ടുമുട്ടുമ്പോഴും നമ്മുടെ സ്നേഹവും സന്തോഷവും നാം പ്രകടിപ്പിക്കുന്നത് പലപ്പോഴും നല്ല ഭക്ഷണം ഒരുക്കിയും അതിന് മറ്റുള്ളവരെ ക്ഷണിച്ചുകൊണ്ടുമാണ്. പറയത്തക്ക വിശേഷപ്പെട്ട വിഭവങ്ങൾ ഒന്നുംതന്നെ ഇല്ലെങ്കിലും ഒരുമിച്ച് ഭക്ഷണം കഴിക്കുക എന്നുപറയുന്നതുതന്നെ എത്രയും ആനന്ദവും സംതൃപ്തിയും നൽകുന്ന ഒന്നാണ്.

അത്തരത്തിൽ വളരെ സ്വാഭാവികവും സാധാരണവുമായ ആഹാരത്തിന്റെ അവസരങ്ങളെയാണ് ഈശോ തന്റെ ഉത്ഥാനത്തിന്റെ ഏറ്റവും വലിയ രഹസ്യങ്ങൾ പങ്കുവച്ചു കൊടുക്കാനായി തിരഞ്ഞെടുത്തത്. 'യേശു പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ. ശിഷ്യന്മാരിൽ ആരും അവനോട് നീ ആരാണ് എന്ന് ചോദിക്കാൻ മുതിർന്നില്ല; അത് കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു. യേശു വന്ന് അപ്പം എടുത്ത് അവർക്ക് കൊടുത്തു; അതുപോലെതന്നെ മത്സ്യവും' (യോഹന്നാൻ 21:12-13).

ഉത്ഥാനത്തിനുശേഷമുള്ള ഈശോയുടെ ഊട്ടുമേശകൾ നമ്മെ ഒരുപാട് കാര്യങ്ങൾ പ ഠിപ്പിക്കുന്നുണ്ട്. വിശുദ്ധ ലൂക്കായുടെ സുവിശേഷം 24-ാം അധ്യായത്തിൽ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ കൂടെ ഈശോ കഴിച്ച അത്താഴവും വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ 21-ാം അധ്യായത്തിൽ മീൻപിടുത്തം കഴിഞ്ഞെത്തിയ ശിഷ്യന്മാരുടെ കൂടെ ഈശോ കഴിച്ച പ്രാതലും ആണ് ഉത്ഥാനശേഷം അവിടുന്ന് പങ്കെടുത്ത രണ്ട് ഭക്ഷണമേശകൾ. ഈ രണ്ട് ഭക്ഷണവേളകൾ അവരുടെ ഏതൊരു ദിവസത്തിലും എന്ന പോലെ സംഭവിച്ച വളരെ സാധാരണമായ വയായിരുന്നു. ജറുസലേമിൽ നിന്നും നടത്തിയ ഒരു ദീർഘമായ യാത്രയ്ക്കൊടുവിലാണ് എമ്മാവൂസിലെ അത്താഴം വിശപ്പോടെ അവർ

കഴിക്കുന്നത്. രാത്രി മുഴുവനും മീനിനുവേണ്ടി കടലിനോട് മല്ലിട്ട് ക്ഷീണിച്ചശേഷമാണ് ഗലീലിയിലെ പ്രാതലും കഴിക്കുന്നത്.

ദൈവത്തോടുള്ള മനുഷ്യന്റെ വിശപ്പിനെ കുറിക്കുവാൻവേണ്ടി ഭക്ഷണത്തെ മനോഹരമായ അലങ്കാരങ്ങളായി ഉപയോഗിക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ പലയിടങ്ങളിലും നമുക്ക് കാണാൻ സാധിക്കും.

'കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ' (സങ്കീർത്തനം 34:8). 'നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ, ഭാഗ്യവാന്മാർ അവർക്ക് സംതൃപ്തി ലഭിക്കും. (മത്തായി 5:6), 'കിടക്കയിൽ ഞാൻ അങ്ങയെ ഓർക്കുകയും രാത്രിയാമങ്ങളിൽ അങ്ങയെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുമ്പോൾ ഞാൻ മജ്ജയും മേദസുംകൊണ്ടെന്ന പോലെ സംതൃപ്തിയടയുന്നു' (സങ്കീർത്തനം 63:5-6) 'നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട് ' (യോഹന്നാൻ 4:32).

### ഭക്ഷണമേശകളിൽ ഉത്ഥിതനെ കാണാറുണ്ടോ?

നമ്മുടെ അനുദിന ജീവിതത്തിലെ അധ്വാനത്തിനും കഷ്ടപ്പാടുകൾക്കും ഇടയിൽ നാം കഴിക്കുന്ന ഓരോ പ്രാതലും അത്താഴവും ഉത്ഥിതനായ മിശിഹായുമായുള്ള കണ്ടുമുട്ടലാക്കി മാറ്റാൻ നമുക്ക് സാധിക്കുന്നുണ്ടോ ഉത്ഥാനത്തിനുശേഷം ഈശോ ഒരുക്കിയ രണ്ട് വിരുന്നിലും ഈശോയെ ശിഷ്യന്മാർ തിരിച്ചറിയുന്നത് അൽപം വൈകിയാണ്. എന്തുകൊണ്ടാണ് അവർ ഈശോയെ ആദ്യം കണ്ട മാത്രയിൽ തന്നെ തിരിച്ചറിയാതിരുന്നത്. യേശുവിന്റെ സംസാരവും അവന്റെ രീതികളും കൃത്യമായി അറിയാവുന്ന ശിഷ്യർക്ക് അതിന് സാധിക്കേണ്ടതായിരുന്നു. എന്നിട്ടും എന്തായിരിക്കാം അവരെ യേശുവിനെ തിരിച്ചറിയുന്നതിൽനിന്നും തടഞ്ഞത്? ഗലീലിയിൽ ഈശോ ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നത് രണ്ടാം തവണയാണ് എന്നോർക്കണം. അവർ നേരിട്ട് കാണുകയും സംസാരിക്കുകയും ചെയ്തതിന്റെ യാതൊരു പ്രതീതിയും അവരിൽ കാണുന്നില്ല എന്നുവേണം മനസിലാക്കാൻ. അത് എന്തുകൊണ്ടാണ് എന്ന് നമുക്കറിയില്ല. കാഴ്ചയി ലൂടെയും സ്പർശനത്തിലൂടെയും മനസിലാക്കാൻ ആവുന്നതിൽ അപ്പുറമാണ് ഉത്ഥിതനായ മിശിഹാ എന്ന രഹസ്യം എന്ന് മാത്രമാണ് നമുക്ക് അനുമാനിക്കുവാൻ സാധിക്കുക. ആ മനസിലാക്കൽ നിർബന്ധത്തി ലൂടെയോ ആഗ്രഹത്തിലൂടെയോ മാത്രം സാധിക്കുന്നതല്ല. മറിച്ച് അതൊരു സമ്മാനമാണ്! നമുക്കും ആ സമ്മാനത്തിന് യോഗ്യരായിത്തീരാൻ ആഗ്രഹിക്കാം.

## ഊട്ടുമേശകളിൽ ബലി മറക്കരുത്!

ഊട്ടുമേശകളിൽ നാം പലപ്പോഴും മറന്നുപോകുന്ന ഒരു ഓർമ ബലിയുടേതാണ് എന്ന് തോന്നാറുണ്ട്. ഭക്ഷണമേശയിൽ വിരുന്നായി മാറുന്ന ഏതിനും അതിന്റെ ജീവൻ നഷ്ടപ്പെടുന്നുണ്ട്. അത് ഉരുളക്കിഴങ്ങോ ഇറച്ചിയോ പാവയ്ക്കയോ മത്സ്യമോ എന്തും ആയിക്കൊള്ളട്ടെ. അതിനെല്ലാം അതിന്റെ ജീവൻ നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ ഊട്ടുമേശ എന്നുപറയുമ്പോൾ സങ്കീർണമായ കൊടുക്കൽ വാങ്ങലുകളുടെ വേദിയാണ്. ജീവൻ ജീവനെ പരിപാലിക്കുന്നു. ആ അർത്ഥത്തിൽ ഈശോ യഥാർത്ഥത്തിൽ വിളമ്പിയത് ഭക്ഷണം മാത്രമായിരുന്നില്ല, തന്റെ ജീവനും കൂടിയായിരുന്നു.

ഈശോ ഭക്ഷണം വിളമ്പിയ അവസരങ്ങളിലെല്ലാം കാണാൻ സാധിക്കുന്ന നാല് കാര്യങ്ങളുണ്ട്. അഞ്ചപ്പം അയ്യായിരം പേർക്കായി അവൻ വിളമ്പിയ കാഴ്ച മത്തായി 14:13-21 ൽ വിവരിക്കുന്നത് ഇപ്രകാരമാണ്. ആ അഞ്ചപ്പവും രണ്ടു മത്സ്യവും എടുത്ത് സ്വർഗത്തിലേക്ക് നോക്കി ആശീർവദിച്ച് അപ്പം മുറിച്ച് ശിഷ്യന്മാരെ ഏൽപിച്ചു. അവർ അത് ജനങ്ങൾക്ക് വിളമ്പി. 'എടുക്കുക, വാഴ്ത്തുക, മുറിക്കുക, വിളമ്പുക' എന്നതാണ് ആ നാല് കാര്യങ്ങൾ.

മത്തായി 15:32-39 ൽ ഏഴപ്പം നാലായിരം പേർക്കായി അവൻ വിളമ്പുമ്പോൾ ഈ നാലു കാര്യങ്ങളും ആവർത്തിക്കുന്നതായി നമുക്ക് മനസിലാക്കാൻ സാധിക്കും. മൂന്നാമതായി ഇതേ കാര്യങ്ങൾ ഈശോ ആവർത്തിക്കുന്നത് തന്റെ അന്ത്യ അത്താഴ വേളയിലാണ് (മത്തായി 26:26-29). പെസഹാ തിരുനാളിൽ ശിഷ്യന്മാരോടൊപ്പം അത്താഴം കഴിക്കവേ യേശു അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തു (26:26). തന്റെ ഉത്ഥാനത്തിനുശേഷം എമ്മാവൂസിൽ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട് അവർക്ക് ഭക്ഷണം വിളമ്പിയപ്പോഴും അവിടുന്ന് ഇതേ കാര്യങ്ങൾ വീണ്ടും ആവർത്തിക്കുന്നുണ്ട് (ലൂക്കാ 24:30).

എല്ലായിടങ്ങളിലും ആരെങ്കിലും പാകം ചെയ്ത് സമർപ്പിച്ച അപ്പമാണ് അവൻ എടുത്തിട്ടുള്ളത്. വിശുദ്ധ കുർബാനയുടെ മേശയിൽ നാം സമർപ്പിക്കുന്നതെല്ലാം അവൻ കൈകളിലെടുക്കും. നമ്മുടെ നിയോഗങ്ങളും വേദനയും പാപങ്ങളും പുണ്യങ്ങളും അധ്വാനവും ആശ്വാസവും എന്നുവേണ്ട നാം അവന് കൊടുത്തതെല്ലാം അവൻ തന്റെ പിതാവിന് സമർപ്പിക്കും. നമ്മുടെ കാഴ്ചകളെ ഒരിക്കലും അവൻ പരിഹാസത്തോടെ നോക്കില്ല. 'നിന്റെ കൈയിൽ ആകെ രണ്ടു മീനേ ഉള്ളോ' എന്ന് ഈശോ

ആ ബാലനോട് ഒരിക്കലും ചോദിച്ചില്ലല്ലോ. അവൻ നമ്മുടെ അന്തർഗതങ്ങൾ കാണുന്നവനാണ്. നമ്മെ പൂർണമായും അറിയുന്നവനാണ്. നാം നമ്മുടെ അകത്തെ മുറുകെയടച്ച് വന്നവരാണെങ്കിലും അതിനെ മുറിച്ച് പുതിയതാക്കി മാറ്റാൻ അവന് സാധിക്കും. ഈശോ ആദ്യം തന്നെത്തന്നെ മുറിച്ചാണ് തന്റെ തിരുരക്തം നമുക്കായി ചിന്തിയത്. നാം അവന് എന്തുകൊടുത്തോ അതിനെ വിശുദ്ധീകരിച്ച് നമുക്കുതന്നെ തിരിച്ചു തരുന്നു.

ഉത്ഥാനാനുഭവമുള്ളവർ സ്വയം അവന് സമർപ്പിക്കും. അപ്പോൾ അതിനെ അവൻ തന്റേതാക്കി നമുക്ക് തിരിച്ചുതരും, നാം അവന്റേതായി മാറും. വിശുദ്ധ കുർബാനയുടെ ബലിവിരുന്നുമേശയിൽ അവന്റെ തിരുശരീരവും തിരുരക്തവും നാം ഉൾക്കൊള്ളുമ്പോൾ നമുക്ക് യഥാർത്ഥത്തിൽ ഉത്ഥാനാനുഭവമാണ് സംഭവിക്കുന്നത്.

## നമ്മുടെ കുടുംബങ്ങളിലും...

ഈ രൂപാന്തരീകരണത്തിന്റെ ഒരു ചെറിയ പതിപ്പ് നമ്മുടെ കുടുംബങ്ങളിലും സംഭവിക്കുന്നുണ്ട്. അതിന് ഉത്ഥിതനായ ഈശോ നമ്മുടെ ഊട്ടുമേശകളിൽ ആതിഥേയനായി സന്നിഹിതനായിരിക്കണം. നമ്മുടെ ജീവിതത്തിൽ ഏറ്റവും സാധാരണമായ ഒരു കർമ്മം നമ്മളെ നിത്യം രൂപാന്തരപ്പെടുത്തുന്നതാക്കി മാറ്റും. ഭക്ഷണം മാത്രമല്ല, ഊട്ടുമേശകളിൽ വിളമ്പുന്ന സ്നേഹവും ജീവൻ നൽകുന്നു. എന്നാൽ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ഊട്ടുമേശകൾ അന്യമായിക്കൊണ്ടിരിക്കുന്ന ഫാസ്റ്റ് ഫുഡിന്റെ കാലഘട്ടത്തിൽ സ്നേഹവും ജീവനും വിളമ്പി നൽകാൻ മനുഷ്യന് പലപ്പോഴും നേരം കിട്ടാറില്ല. റസ്റ്റോറന്റുകളുടെ എണ്ണത്തിൽ ഇന്ന് നാം കാണുന്ന വലിയ വർധന സൂചിപ്പിക്കുന്നത് വീടുകളിൽ പാചകം കുറഞ്ഞുപോകുന്നു എന്ന സത്യം തന്നെയാണ്. ഭക്ഷണസമയത്ത് നാം പ്രവർത്തിപ്പിക്കുന്ന ടെലിവിഷനും ഉപയോഗിക്കുന്ന മൊബൈലും ഇല്ലാതാക്കുന്നത് കുടുംബ ബന്ധങ്ങളെ ശക്തമാക്കുന്ന ഊട്ടുമേശയിലെ തമാശകളും സ്നേഹ സംഭാഷണങ്ങളുമാണ്.

ഈശോ തന്റെ ഉത്ഥാനത്തിന്റെ ഊട്ടുമേശകളിൽ സ്നേഹം വിളമ്പിയതുപോലെ നമ്മുടെ കുടുംബങ്ങളുടെ ഊട്ടുമേശകളും സ്നേഹത്തിന്റെ വിഭവങ്ങൾകൊണ്ട് സമൃദ്ധമാകണം. അപരിചിതത്വങ്ങൾ ഇല്ലാതാക്കുന്ന തിരിച്ചറിവുകളുടെ വേദിയായി നമ്മുടെ ഊട്ടുമേശകൾ മാറണം.

(കടപ്പാട് - ശാലോ ടൈംസ്)

## *വിശുദ്ധരുടെ പാതയിലൂടെ*

# മൊളോക്കയിലെ വിശുദ്ധ ഫാദർ ഡാമിയൻ

1840 ൽ ബൽജിയത്തെ ട്രെമെലൊയിൽ ജോസഫ് ദെ വ്യൂസ്റ്റർ ഭൂജാതനാകുമ്പോൾ, കുഷ്ഠരോഗത്തെക്കുറിച്ച് യൂറോപ്യൻ ജനത അറിഞ്ഞു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. 49–ാം വയസ്സിൽ അദ്ദേഹം കുഷ്ഠ രോഗബാധിതനായി മരിക്കുമ്പോൾ, ഈ മാരകരോഗത്തെപ്പറ്റിയും മാനുഷിക സഹാനുഭാവത്തിന് ഈ രോഗത്തിന്റെ സംഹാരശക്തിയെ ശമിപ്പിക്കാനാവു മെന്നതിനെക്കുറിച്ചും ലോകം അറിഞ്ഞിരുന്നു.

കുടുംബത്തിന്റെ കൃഷിയിടങ്ങളിൽ ജോലിചെയ്യുന്നതിനു വേണ്ടി ജോസഫിന് 13–ാം വയസ്സിൽ പഠനം ഉപേക്ഷിക്കേണ്ടി വന്നു. ആറുവർഷങ്ങൾക്കുശേഷം അദ്ദേഹം സേക്രട്ട് ഹാർട്ട്സ് ഓഫ് ജീസസ് ആൻഡ് മേരി എന്ന സന്യാസ സമൂഹത്തിൽ ചേർന്നു. 1864ൽ ഡാമിയൻ എന്ന പേര് സ്വീകരിച്ച് പുരോഹിതനായി.

കുഷ്ഠരോഗബാധിതരെ നാടുകടത്തി വേർപെടുത്തുന്നതിനായി ഹവായ് സർക്കാർ 1886ൽ മൊളോക്കൊ ദ്വീപിനെ തടവറയാക്കി സ്ഥാപിച്ചു. സേക്രട്ട് ഹാർട്ട്സ് ഓഫ് ജീസസ് ആൻഡ് മേരി സന്യാസസമൂഹം മൊളോക്കൊയിലെ രോഗികൾക്ക് ആത്മീയശു ശ്രൂഷ ചെയ്യുന്നതിന് ഓരോ വർഷവും മൂന്നുമാസം വീതം സേവനം ചെയ്യേണ്ടതായ നാലു പുരോഹിതരുടെ പട്ടികയുണ്ടാക്കി. അങ്ങനെ മൊളോക്കൊയിലേക്കു പോകുന്നതിന് നിയോഗിക്കപ്പെട്ട ഫാദർ പംഫീലെ രോഗബാധിതനായപ്പോൾ ഫാദർ ഡാമിയൻ ആ ദൗത്യം സസന്തോഷം സ്വീകരിച്ചു.

ഹാൻസെൻസ് ഡിസീസ് എന്നറിയപ്പെടുന്ന കുഷ്ഠരോഗത്തിന്റെ ഭീകരത നിറഞ്ഞ മൊളോക്കൊയിൽ ഒറ്റയ്ക്കുപോകുമ്പോൾ അദ്ദേഹത്തിനു വയസ് 33. നഴ്സ്, സർജൻ, ഉപദേഷ്ടാവ്, ആശ്വസിപ്പിക്കുന്നവൻ, കെട്ടിടം പണിക്കാരൻ, ശവപ്പെട്ടി ഉണ്ടാക്കുന്നവൻ, വക്കീൽ, ആത്മീയാവശ്യങ്ങൾ നിറവേറ്റുന്ന വൈദികൻ എന്നീനിലകളിൽ ഒരേസമയം പ്രയത്നിച്ചു. ഒരു വീടും സ്കൂളും അനാഥമന്ദിരവും അദ്ദേഹം തന്നെ നിർമ്മിച്ചു. ദീർഘകാലമായി മുടങ്ങിക്കിടന്ന സർക്കാർ സഹായം ജനങ്ങൾക്ക് ലഭ്യമാക്കി. പിന്നീട് മദർ മരിയാന്ന കോപ്പ് സിറാക്കൂസിലെ ഫ്രാൻസിസ് കൻ കന്യാസ്ത്രീകളെ അവിടെ കൊണ്ടുവന്നു.

1885ൽ തന്റെ സഹജീവികളോടുകൂടി ദൈവത്തെപ്രതി ആ ഭീകര രോഗം പങ്കിട്ടപ്പോൾ ഫാദർ ഡാമിയൻ ആനന്ദിച്ചു. മരണംവരെ അവിരാമം അദ്ദേഹം തന്റെ ദൗത്യം തുടർന്നു. 1889 ഏപ്രിൽ 15ന് “മൊളോക്കൊ യിലെ നായകൻ” എന്ന് ജനം വാഴ്ത്തിയിരുന്ന ഫാദർ ഡാമിയൻ “ഒരു കുഞ്ഞിനെപ്പോലെ, മുഖത്തൊരു പുഞ്ചിരിയുമായി” കടന്നുപോയി.

1959ൽ ഹാവായ് ഒരു സംസ്ഥാനമായപ്പോൾ യു.എസ്. കാപ്പിറ്റോളിലെ സ്റ്റാറ്റ്യൂട്ടറി ഹാൾ പ്രതിനിധീകരിക്കുന്ന രണ്ടുപേരിൽ ഒരാളായി ഫാദർ ഡാമിയനെ തിരഞ്ഞെടുത്തു.

1995ൽ ജൂൺ 4ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ട വനായും, 2009 ഒക്ടോബർ 11 ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശുദ്ധ പദവിയിലേക്കും ഫാദർ ഡാമിയനെ ഉയർത്തി.

# ബൈബിൾ ക്വിസ്സ്



08

**ലോഗോസ് ക്വിസ് 26 സെപ്റ്റംബർ 27, 2026 (രജിസ്ട്രേഷൻ) – ജൂൺ 1, 2026 – ജൂലൈ 31, 2026**

26-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2026 സെപ്റ്റംബർ 27 ന് നടക്കുന്നു. പാഠഭാഗം -റൂത്ത് 1-4, സഭാ പ്രസംഗകൻ 1-6, വി.യോഹ 1-12, ഗലാത്തിയ 1-6, 1 സാമുവേൽ 1-7. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 8 ചോദ്യങ്ങൾ

### ഗലാത്തിയ 1–3 അദ്ധ്യായങ്ങൾ

**(ഉത്തരങ്ങൾ വലിയ (A 4 Size) പേപ്പറിൽ എഴുതുവാൻ ശ്രദ്ധിക്കുക)**

1. ഏതു കാലത്താണ് ഗലാത്തിയാക്കാർക്കെഴുതിയ ലേഖനം എഴുതപ്പെട്ടതെന്നാണ് പ്രബലമായ അഭിപ്രായം ?
2. നിയമാനുഷ്ഠാനം വഴിയല്ല ................ മൂലമാണ് മനുഷ്യൻ ദൈവ തിരുമുൻപിൽ നീതിമാനായി പരിഗണിക്കപ്പെടുക.
3. പൗലോസ് പ്രസംഗിച്ച സുവിശേഷം അദ്ദേഹത്തിന് ലഭിച്ചത് എങ്ങനെയെന്നാണ് പൗലോസ് ലേഖനത്തിൽ എഴുതിയിരിക്കുന്നത് ?
4. തനിക്കു മുൻപേ അപ്പസ്തലൻമാരായവരെ കാണാൻ പൗലോസ് ജറുസലേമിലേക്ക് പോയില്ല, പകരം എങ്ങോട്ടാണ് പോയത് ? എവിടേയ്ക്കാണ് തിരിച്ചു വന്നത് ?
5. മൂന്നു വർഷത്തിനുശേഷം പൗലോസ് ആരെ കാണാനാണ് ജറുസലേമിലേക്ക് പോയത് ?
6. ജറുസലേമിൽ വച്ച് പൗലോസ് അപ്പസ്തോലൻമാരിൽ ആരെയാണ് കണ്ടത് ?
7. പതിന്നാലു വർഷത്തിനുശേഷം പൗലോസ് ജറുസലേമിലേക്ക് പോയത് ആരോടൊപ്പമാണ് ?
8. .......................പറ്റി ചിന്തവേണം എന്നു മാത്രമേ ഞങ്ങളോട് അവർ ആവശ്യപ്പെട്ടുള്ളൂ.
9. പൗലോസിനൊപ്പം സുവിശേഷം പ്രസംഗിച്ച ഗ്രീക്കുകാരൻ ആര് ?
10. നേതൃസ്തംഭങ്ങളായി സഭയിൽ പരിഗണിക്കപ്പെട്ടിരിക്കുന്നത് ആരെല്ലാമെന്നാണ് പൗലോസ് പറയുന്നത് ?
11. അന്ത്യോക്യായിൽ വച്ച് പൗലോസ് കേപ്പായിൽ കണ്ട കുറ്റം എന്ത് ?
12. അതിനാൽ വിശ്വാസമുള്ളവരാണ് ............. എന്നു നിങ്ങൾ മനസ്സിലാക്കണം?
13. വിശ്വാസം വഴി ജീവിക്കുന്നത് ആരെന്നാണ് പൗലോസ് പറയുന്നത് ?
14. പാരമ്പര്യാവകാശം ദൈവം അബ്രാഹത്തിന് നല്കിയത് .................. വഴിയാണ്.
15. യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴി നാമെല്ലാവരും ................ ആണ്.
16. വി.ഗ്രന്ഥത്തിൽ മൂവായിരത്തിലധികം പ്രാവശ്യം ആവർത്തിക്കുന്ന ദൈവത്തിന്റെ സ്വാന്തന വചനമാണ്........................, ........................ എന്നിവ.

17. എന്തിനാണ് പ്രാർത്ഥിക്കുന്നതും പള്ളിയിൽ പോകുന്നതും; നന്മ ചെയ്താൽ പോരെ, പാവപ്പെട്ടവരെ സഹായിച്ചാൽ മതിയല്ലോ. ഈ ചിന്തകൾ സമകാലീന .............. വാദത്തിന്റെ അവസ്ഥയാണ്.
18. ഈശോ ഭക്ഷണം വിളമ്പിയ അവസരങ്ങളിലെല്ലാം കാണാൻ സാധിക്കുന്ന 4 കാര്യങ്ങൾ ഏവ ?
19. ഡാമിയൻ ചേർന്ന സന്യാസ സമൂഹം ഏത് ?
20. ഫാ.ഡാമിയനെ വിശുദ്ധ പദവിയിലേക്കുയർത്തിയ മാർപ്പാപ്പ ആര് ? വർഷം, ദിവസം ഏത്?

## ബൈബിൾ ക്വിസ് – 7 ശരിയുത്തരങ്ങൾ

1. മുപ്പിരിച്ചരട്
2. കാരണം, അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും
3. ഒരു പിടി സ്വസ്ഥത
4. ഇനിയും ജനിച്ചിട്ടില്ലാത്തവരും സൂര്യനുകീഴെ നടക്കുന്ന തിൻമകൾ കണ്ടിട്ടില്ലാത്തവരുമാണ്
5. നിർധനനെങ്കിലും ബുദ്ധിമാനായ യുവാവാണ്
6. ഭോഷൻമാർ
7. ദുഃസ്വപ്നങ്ങൾ
8. അമിത സമ്പാദ്യം
9. സ്വപ്നങ്ങളേറുമ്പോൾ
10. അധ്വാനിക്കുന്നവന്
11. നിഴൽപോലെ
12. അവന് അവ അനുഭവിക്കാനുള്ള കഴിവു നൽകുന്നില്ല
13. കൺമുൻപിലുള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതാണ്
14. ഉദരപൂരണത്തിനാണ്
15. മിഥ്യയുടെ
16. ക്രിസ്തു
17. ഉയിർപ്പ്
18. എമ്മാവൂസിലേക്ക്
19. ബ്രൂണോ
20. ദമാസൂസ് രണ്ടാമന്റെ

## ബൈബിൾ ക്വിസ് – 7
## ആകെ പങ്കെടുത്തവർ 16 ശരിയുത്തരമെഴുതിയവർ 16

1. ജോസ് ജോസഫ് തലയ്ക്കൽ
2. ജിജി രാജേഷ് പൊന്നുംപുരയിടം
3. മോളി ജോൺ പാലാക്കാരൻ
4. ബെറ്റി ഷാജി പുത്തൻപുരയ്ക്കൽ
5. ലിൻസി ബിജു ചുണ്ടങ്ങായിൽ
6. ഷൈനി ബേബി തെക്കേക്കുന്നേൽ
7. തെരേസ ബേബി തെക്കേക്കുന്നേൽ
8. എൽസി ടോമി മാറാമറ്റത്തിൽ
9. ലിസമ്മ ഐപ്പ് കല്ലിങ്കൽ
10. സലോമി ജോൺ കുരിശിങ്കൽ
11. എലിസബത്ത് ജോൺ മഞ്ചേരിൽ
12. മറിയക്കുട്ടി ഉലഹന്നാൻ ചെറുപറമ്പിൽ
13. മേരി തോമസ് നടാംകുഴിയിൽ
14. ജോൺസൺ പടിഞ്ഞാക്കര
15. ജോൺസൺ വെണ്ടർമ്യാലിൽ
16. സുജ ജോൺസൺ വെണ്ടർമ്യാലിൽ

## ബൈബിൾ ക്വിസ് 7 സമ്മാനാർഹർ

1. ലിൻസി ബിജു ചുണ്ടങ്ങായിൽ
2. മറിയക്കുട്ടി ഉലഹന്നാൻ ചെറുപറമ്പിൽ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

**വാർഡ് 1**
**നിർമ്മല മാതാ**

- ഏലമ്മ പുത്തൻകുടിയിൽ
- ഫെബിൻ പുത്തൻകുടിയിൽ
- അന്ന അലീന പുത്തൻകുടിയിൽ
- റോസിലി പനയേലിൽ
- ലിസമ്മ കല്ലിങ്കൽ
- അങ്കിത ജിന്റോ മാറാമറ്റത്തിൽ

**വാർഡ് 2**
**സെന്റ് ജോസഫ്**

- ഷാജി നടുത്തോട്ടത്തിൽ
- ജോസ് കാരികുന്നേൽ
- കുരുവിള മാങ്കുട്ടത്തിൽ
- ജോയ്സ് വർങ്ങലകുടിയിൽ
- ബിനോയ് മാടശ്ശേരിൽ
- ഡെലീഷ്യ മാഞ്ഞൂരാൻ

**വാർഡ് 3**
**സെന്റ് മേരീസ്**

- ജോണി അടപ്പൂർ
- അനു വർങ്ങലക്കുടിയിൽ
- സതീഷ് വർങ്ങലക്കുടിയിൽ
- ജെയിംസ് വടക്കേൽ
- ഷിബിന വർങ്ങലക്കുടിയിൽ
- സോബൻ തലയ്ക്കൽ
- സണ്ണി കുടിയാംശ്ശേരിൽ
- ഷാജി വയലിൽ
- ബെന്നറ്റ് വയലിൽ
- ജോണറ്റ് വയലിൽ

**വാർഡ് 4**
**ഹോളി ഫാമിലി**

- നവീൻ ബെന്നി പാലക്കോട്ടിൽ
- സിമ്മി ചെട്ടിശ്ശേരിൽ
- മരിയ സിമ്മി ചെട്ടിശ്ശേരിൽ
- ജോസഫ് തോമസ് ചേർക്കോട്ട്
- ബിബിൻ തോട്ടത്തിൽ
- ജോർജ് നെടുന്തള്ളിൽ
- ലീന ഞൂഴുമുറിയിൽ
- രെഹൻ പിട്ടാപ്പിള്ളിൽ
- മേരി തോമസ് നടാംകുഴിയിൽ

വാർഡ് 5

**സെന്റ് ജോർജ്ജ്**

- ഓമന നെടുംകല്ലേൽ
- സഞ്ജു കിഴക്കേൽ
- ജോമി നടാംകുഴിയിൽ
- റയൺ തിരുതാളിൽ
- അഗസ്റ്റ്യൻ പടിഞ്ഞാറേക്കുടി
- അനുജ കളാംപ്പറമ്പിൽ
- ജെറിൻ തെക്കുംപുറത്ത്
- റിയ തെക്കുംപുറത്ത്
- ബെന്നി മെതിപ്പാറയിൽ
- അലൻ മെതിപ്പാറയിൽ
- ബാബു മെതിപ്പാറയിൽ
- റോയി പൂനാട്ട്
- കെന്നി പൂനാട്ട്
- ആൽബിൻ കാളാംപറമ്പിൽ
- എമിലിൻ മെതിപ്പാറയിൽ
- സിബി മെതിപ്പാറയിൽ

---

വാർഡ് 6

**സെന്റ് ഫ്രാൻസിസ്**

- മോളി ചുണ്ടങ്ങായിൽ
- മേരി ചുണ്ടങ്ങായിൽ
- ആൽഫ റോസി തോമസ് ചുണ്ടങ്ങായിൽ
- മാർഗ്ഗരറ്റ് കാരിയ്ക്കാപ്പറമ്പിൽ
- മഞ്ജു കാട്ടുകുടിയിൽ
- ജീവൻ മെതിപ്പാറയിൽ
- ജിയോ പ്ലാക്കിൽ
- സന്തോഷ് കൊച്ചുവീട്ടിൽ
- ജോസഫ് പാലക്കാട്ടുപുത്തൻപുരയിൽ
- സംഗീത് പുത്തൻപുരയ്ക്കൽ
- അനു പുത്തൻപുരയ്ക്കൽ
- ആനി പുത്തൻപുരയ്ക്കൽ
- രഞ്ജു പുത്തൻകുടിയിൽ
- സുജിത്ത് വടക്കുംചേരിൽ
- അനുപമ മുട്ടംതോട്ടിൽ
- സെബിൻ മുട്ടംതോട്ടിൽ
- ജോൺസ് മുട്ടംതോട്ടിൽ

---

വാർഡ് 7

**സെന്റ് പീറ്റേഴ്സ്**

- സിബിൻ ഇരമംഗലത്ത്
- ജോർജ് വടക്കുംഞ്ചേരിയിൽ
- ജോസഫ് പുതുശ്ശേരി
- പ്രിയ പുതുശ്ശേരി
- സെബാസ്റ്റ്യൻ പുതുശ്ശേരി
- മഞ്ജു നടുവിലേക്കുറ്റ്
- സുമൻ കൊണ്ടാട്ടുപറമ്പിൽ
- ജോസഫ് പുത്തനങ്ങാടി
- സിംന പരുവംമൂട്ടിൽ
- തോമസ് നടുതലമറ്റത്തിൽ

- എൽസി നടുതലമറ്റത്തിൽ
- എഡ്വിൻ നടുതലമറ്റത്തിൽ
- ഹിലാരി അമ്മച്ചിപ്പറമ്പിൽ
- സിഖിൽ അമ്മച്ചിപ്പറമ്പിൽ
- ജോസഫ് മൂഞ്ഞേലി
- ആന്റണി മൂത്തേടൻ
- സെറീന മൂത്തേടൻ
- ഡെന്നീസ് കൊറ്റാൻഞ്ചേരി

---

വാർഡ് 8

**സെന്റ് അഗസ്റ്റിൻസ്**

- ബിജു കുന്നുമ്മേൽ
- സിനി കുന്നുമ്മേൽ
- ജോഫി കുന്നുമ്മേൽ
- സിഞ്ജു പുത്തൻകുടിയിൽ
- മെജോ വാഴയിൽ
- ജോബിൻ കാളാംപറമ്പിൽ
- ലില്ലി കാളാംപറമ്പിൽ
- സിമി പാത്താംകുളമ്പേൽ
- നിബിൻ പുത്തൻകുടിയിൽ
- വർഗീസ് നെടുംപിടീകയിൽ
- ജോജി മുണ്ടങ്ങാട്ടിൽ
- ബിജു മുണ്ടങ്ങാട്ടിൽ
- ലിജി പുത്തൻകുടിയിൽ
- ജോൺ ചിറകണ്ടത്തിൽ
- ജാൻസി കൊല്ലായിക്കുടിയിൽ
- മഞ്ജു പാത്താംകുളമ്പേൽ
- ജോയൽ കരിമുണ്ടക്കൽ

---

വാർഡ് 9

**ഫാത്തിമ മാത**

- ഡോൺ കണംകൊമ്പിൽ
- എബിൻ നെടുംഞ്ചാലിൽ
- ഷൈബി താണിമറ്റത്തിൽ
- അന്നം കുമ്പളംചോട്ടിൽ
- ബീന കണംപിള്ളിൽ
- നിഷ നെടുഞ്ചാലിൽ
- സിജി വെളിയനാൽ
- മേരി കുറ്റപ്പിള്ളിൽ
- അന്ന പുത്തൻപുരപുല്ലൻ
- ആനി തൊട്ടിയിൽ

---

വാർഡ് 10

**ക്രിസ്തുരാജ്**

- ഷാജി കടപ്ലാക്കൽ
- ലീലാമ്മ മലമ്പുറത്ത്
- ലിറ്റി മോൾ കൈനയ്ക്കൽ
- ബേബി രാജ് ഇഞ്ചയ്ക്കപുത്തൻപുരയിൽ
- ഏലിക്കുട്ടി തെങ്ങുംപിള്ളിൽ
- ലൂസി കണിച്ചാട്ട്

# വിവാഹ വാർഷികം

| വാർഡ് | പേരുകൾ |
| --- | --- |
| വാർഡ് 1 – നിർമ്മല മാതാ | |
| വാർഡ് 2 – സെന്റ് ജോസഫ് | ജോസ് & ലില്ലി കണ്ടനാട്<br>സാജു & നിഷ കണിയാമ്പുറം<br>ജോബിൻ & റിയ നടുത്തോട്ടത്തിൽ |
| വാർഡ് 3 – സെന്റ് മേരീസ് | ജേക്കബ് & റോസ്മി, ചെറായിൽ<br>ജോസ് & സൂസി, വർങ്ങലക്കുടിയിൽ<br>സതീഷ് & സിമി, വർങ്ങലക്കുടിയിൽ<br>ജോൺ & ലൂസി ചെറുപറമ്പിൽ |
| വാർഡ് 4 – ഹോളി ഫാമിലി | സിമ്മി & ബിജി ചെട്ടിശ്ശേരിൽ |
| വാർഡ് 5 – സെന്റ് ജോർജ്ജ് | മാത്യു & ആലീസ് ആക്കപ്പടിയ്ക്കൽ<br>ജോബി & ജിജി വെട്ടുകാട്ടിൽ<br>ലീന & എബി മെതിപ്പാറയിൽ<br>ദേവസി & വിമല തച്ചിൽ<br>അഗസ്റ്റ്യൻ & ചിന്നമ്മ പടിഞ്ഞാറേക്കുടി<br>ജോയി & വൽസ പുളിക്കൽ<br>ജോസഫ് & ഡെയ്സി നടാംകുഴിയിൽ |
| വാർഡ് 6 – സെന്റ് ഫ്രാൻസിസ് | ജോർജ്ജ് & മോളി ചുണ്ടങ്ങായിൽ<br>ഡോമനിക് & ലിസി ഇല്ലിക്കാമുറിയിൽ<br>ദേവസ്യ & ഫിലോമിന കപ്യാരിട്ടയിൽ<br>സേവ്യർ & പെണ്ണമ്മ കാട്ടുകുടിയിൽ<br>സാബു & ഇന്ദു നെടുംപുറത്ത്<br>ജോസഫ് & എൽസി പ്ലായ്ക്കിൽ<br>തോമസ് & ചിന്നമ്മ പൂനാട്ട് |
| വാർഡ് 7 – സെന്റ് പീറ്റേഴ്സ് | സെബാസ്റ്റ്യൻ & ഷെർളി ഇരമംഗലത്ത് |
| വാർഡ് 8 – സെന്റ് അഗസ്റ്റിൻസ് | പോൾ & മിനി നെല്ലിപ്പിള്ളിൽ<br>ബെൽജി & നിഷ കാളാംപറമ്പിൽ<br>ബൈജി & അനു കാളാംപറമ്പിൽ<br>അലക്സ് & സിനി ചിറാക്കുളങ്ങര<br>ജോളി & സിമി കാരിയ്ക്കൽ |
| വാർഡ് 9 – ഫാത്തിമ മാത | ഫ്രാൻസീസ് & അക്കാമ്മ കൊല്ലായിക്കുടിയിൽ<br>ജോസ് & ആലീസ് കാവുംപുറത്ത്<br>ബെന്നി & മിനി ആടുകുഴിയിൽ<br>ആന്റണി & മഞ്ജു പുത്തൻപുരപുല്ലൻ |
| വാർഡ് 10 – ക്രിസ്തുരാജ് | മാത്യു & കൊച്ചുറാണി പുള്ളോലിൽ |

# ദൈവാലയ വായനകൾ

## 2026 മെയ്

## ഉയിർപ്പുകാലം

1 വെ **ആദ്യവെള്ളി**
1 കോറി 5:14-20
യോഹ 3:1-12
**തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ്**
ഉത്പ 3:17-19, 23-24
ജ്ഞാനം 9:10-18
കൊളോ 3:14-17
മത്താ 13:53-58

2 ശ റോമാ 11:25-32
മത്താ 18:10-14
**വിശുദ്ധ അത്തനേഷ്യസ്**
1 സാമു 22:1-7
പ്രഭാ 45:1-5
2 കോറി 4:5-14
മത്താ 10:23-28
**വിശുദ്ധ പീലിപ്പോസ്, വിശുദ്ധ യാക്കോബ് ശ്ലീഹന്മാർ** (മെയ് 3)
പുറ 15:1-6
ജ്ഞാനം 5:1-7
1 കോറി 9:16-23
യോഹ 14:1-6

3 ഞാ പുറ 4:27-31
തോബി 5:1-10, 17-23
ശ്ലീഹ 12:24-13:3
ലൂക്കാ10:1-12

4 തി 1 കോറി 12:5-10
ലൂക്കാ 9:1-6

5 ചൊ ഫിലി 2:19-30
ലൂക്കാ 8:1-8

6 ബു ഫിലി 4:10-20
ലൂക്കാ 17:5-10
**വിശുദ്ധ ഡൊമിനിക് സാവിയോ**
1 യോഹ 2:14-17
മർക്കോ 10:13-16

7 വ്യാ 1 കോറി 15:1-11
ലൂക്കാ 9:57-62

8 വെ 1 കോറി 3:1-9
മത്താ 13:24-30

9 ശ റോമാ 11:11-16
ലൂക്കാ 7:1-10

10 ഞാ ഉത്പ 9:8-17
2 രാജാ 2:1-15
റോമാ 8:1-11
യോഹ 5:19-29

11 തി റോമാ 3:21-26
യോഹ 4:27-30, 39-42

12 ചൊ റോമാ 6:19-23
യോഹ 5:36-47

13 ബു ശ്ലീഹ 20:7-12
മർക്കോ 5:21-24, 35-43

14 വ്യാ **നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം**
ഉത്പ 5:18-24
ശ്ലീഹ 1:1-14
ഹെബ്രാ 10:1-14
മർക്കോ 16:9-20
**വിശുദ്ധ മത്തിയാസ് ശ്ലീഹാ**
1 സാമു 16:4-13
ശ്ലീഹ 1:15-26
1 കോറി 1:26-30
മത്താ 11:25-30

15 വെ വെളി 5:1-14
യോഹ 1:35-39
**വിളവുകളുടെ സംരക്ഷകയായ മറിയത്തിന്റെ തിരുനാൾ**
പുറ 23:14-16
ജോയേ 2:21-29
റോമാ 11:25-32
മത്താ 18:10-14

16 ശ ഹെബ്രാ 8:1-6
യോഹ 17:9-19

17 ഞാ ഉത്പ 28:10-19
മിക്കാ 4:1-5
1 പത്രോ 1:3-9
ലൂക്കാ 24:44-53

18 തി 1 തിമോ 2:1-7
ലൂക്കാ 18:1-8

19 ചൊ റോമാ 8:26-30
ലൂക്കാ 18:9-14

20 ബു റോമാ 8:12-17
ലൂക്കാ 11:1-4

21 വ്യാ ശ്ലീഹ 10:44-48
മത്താ 7:7-14

22 വെ എഫേ 6:14-20
യോഹ 4:19-24

23 ശ 2 കോറി 1:17-22
ലൂക്കാ 11:5-13

**ശ്ലീഹാക്കാലം**

24 ഞാ **ഇന്നു മുതൽ ത്രികാല ജപം കർത്താവിന്റെ മാലാഖ ചൊല്ലുന്നു.**
ഉത്പ 2:1-8
ജോബ് 33:2-4+34:14-15
ശ്ലീഹ 2:1-21
യോഹ 20:19-23

25 തി ഗലാ 3:10-14
യോഹ 16:5-15

26 ചൊ 1 കോറി 12:4-11, 28-31
ലൂക്കാ 19:11-27

27 ബു റോമാ 12:3-13
ലൂക്കാ 1:39-45

28 വ്യാ റോമാ 15:7-13
ലൂക്കാ 10:17-22

29 വെ **സ്വർണ്ണവെള്ളി**
തോബി 11:1-17
ഏശ 35:1-10
ശ്ലീഹ 3:1-10
യോഹ 16:19-24

30 ശ റോമാ 14:1-9
മർക്കോ 13:9-13


31 ഞാ പുറ 19:1-8
എസെ 2:1-7
1 തിമോ 1:12-19
യോഹ 11:1-16
**പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ**
ഉത്പ 18:1-8
ഏശ 48:12-17
റോമാ 5:1-5
യോഹ 16:12-15

**വിശുദ്ധ ഗ്രന്ഥവായനകൾ**

| തീയതി | സമയം | പഴയനിയമം | ലേഖനം |
|---|---|---|---|
| 10.05.2026 | 5.30 am | ജോസ് തലയ്ക്കൽ | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | ജിംസി ഊട്ടുകുളം | ഷെഫി നടുത്തോട്ടത്തിൽ |
| 17.05.2026 | 5.30 am | ജയിംസ് വടക്കേൽ | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | മാത്യു ഊട്ടുകുളം |
| 24.05.2026 | 5.30 am | ജോസ് വെണ്ടർമ്യാലിൽ | ജോർജ്ജ് തെക്കുംപുറം |
| | 7.00 am | റോസ്മി ചെറായിൽ | തങ്കച്ചൻ ചേരിയിൽ |
| 31.05.2026 | 6.30 am | ജോൺസൺ വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| ഇടവകദിനം | 4.30 pm | ജിംസി ഊട്ടുകുളം | ജോസ് വെണ്ടർമ്യാലിൽ |
| 07.06.2026 | 5.30 am | ജോസ് തലയ്ക്കൽ | ജോസഫ് പീച്ചാട്ട് |
| | 7.00 am | റോസ്മി ചെറായിൽ | തങ്കച്ചൻ ചേരിയിൽ |

# സ്നേഹ സ്മരണയ്ക്ക്

**03-ാം ചരമവാർഷികം . 22–5–2026**



**K.X. ബാബു**

**കൊല്ലായിക്കുടിയിൽ**

# സ്നേഹ സ്മരണയ്ക്ക്

**17-ാം ചരമവാർഷികം . 25–5–2026**



**മറിയം പൈലി**

**ഇരമംഗലത്ത്**

# സ്നേഹ സ്മരണയ്ക്ക്

**17-ാം ചരമവാർഷികം . 12-5-2026**




## തങ്കമ്മ വർക്കി

**കുഴികണ്ടത്തിൽ**

# സ്നേഹ സ്മരണയ്ക്ക്

**18-ാം ചരമവാർഷികം. 22-5-2026**



## ജോസഫ് ചാക്കോ

**വെണ്ടർമ്യാലിൽ**

# സ്നേഹ സ്മരണയ്ക്ക്

**12-ാം ചരമവാർഷികം 20-5-2026**



## എം.വി. തോമസ്

**മണവാളൻ**

# സ്നേഹ സ്മരണയ്ക്ക്

**9-ാം ചരമവാർഷികം 01-5-2026**



## മേരി ജോർജ്

**മാഞ്ഞൂരാൻ**

## സ്നേഹ സ്മരണയ്ക്ക്

9–ാം ചരമവാർഷികം 26–5–2026



**കുര്യൻ മത്തായി**

**വാഴയിൽ**

## സ്നേഹ സ്മരണയ്ക്ക്

12–ാം ചരമവാർഷികം 01–5–2026



**സണ്ണി വി.വി.**

**വർങ്ങലകുടിയിൽ**

## സ്നേഹ സ്മരണയ്ക്ക്

**8-ാം ചരമവാർഷികം 11-5-2026**



**ജയിംസ് ചാക്കോ**

**താഴത്തുവീട്ടിൽ**

## സ്നേഹ സ്മരണയ്ക്ക്

**5-ാം ചരമവാർഷികം 17-5-2026**



**അഡ്വ.ജോസ് കെ.മേരിദാസ്**

**കോക്കാട്ട്**

# സ്നേഹ സ്മരണയ്ക്ക്

1-ാം ചരമവാർഷികം 14-5-2026



## സി. ഹെലേന SDS (മേരി)

**കൊമ്പനാത്തോട്ടം**

# വിവാഹ മംഗളാശംസകൾ

09.04.2026




**അമിത് ജെ.**
**മഠത്തിൽ**

&

**റിബ ജേക്കബ്ബ്**
**കണ്ടിശ്ശേരിയിൽ**

# വിവാഹ സുവർണ്ണ ജൂബിലി
# ആശംസകൾ
## 05.05.2026



**കെ.പി. സേവ്യർ & പെണ്ണമ്മ സേവ്യർ**

**കാട്ടുകുടിയിൽ**